**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1582** **08-12-2022 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ പുഴയോരങ്ങൾ അനധികൃതമായി നികത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ ഇരിമ്പ്രനെല്ലൂർ, വെങ്കിടങ്ങ് വില്ലേജുകളിൽപ്പെട്ട പുഴയോരങ്ങൾ അനധികൃതമായി നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അനധികൃതമായി നികത്തിയ പ്രസ്തുത പുഴയോരങ്ങൾ പൂർവ്വസ്ഥിതിയിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | അനധികൃതമായി നികത്തപ്പെട്ട പുഴസ്ഥലങ്ങൾ വില്ലേജ് രേഖകൾ പ്രകാരം സ്ഥിരപുഞ്ച തരത്തിൽപ്പെട്ടതാണ്. ടി ഭൂമി പൂർവ്വ സ്ഥിതിയിലാക്കേണ്ടുന്ന നടപടികളുടെ ഭാഗമായി ഇവയിൽ വെങ്കിടങ്ങ് വില്ലേജിലെ സർവെ നം.84/4P യിൽ ഉൾപ്പെടുന്ന 7.28 ആർ വഹകൾ തണ്ണീർത്തടമായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും ഭൂമി നികത്തുന്നതിനെതിരെ നടപടികൾ എടുത്തു വരുന്നതുമാണ്. വെങ്കിടങ്ങ് വില്ലേജിലെ സർവെ നം.81/4Qൽപ്പെട്ട 5.4 ആർ വഹകളും, ഇരിമ്പ്രനെല്ലൂർ വില്ലേജ് സർവ്വെ നം.32/2A 2 -ൽ ഉൾപ്പെട്ട 6.47 ആർ വഹകളും തണ്ണീർത്തടത്തിൽ ഉൾപ്പെടുത്തി ഗസറ്റ് വിജ്ഞാപനം ഉടൻ പുറപ്പെടുവിക്കുന്നതാണ്. ബാക്കി പുഴസ്ഥലങ്ങൾ ഭൂമികളുടെ സർവ്വെ നമ്പർ നിജപ്പെടുത്തിയാൽ മാത്രമേ സാങ്കേതികമായി ഇവയും തണ്ണീർത്തടത്തിൽ ഉൾപ്പെടുത്തി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കാനാകൂ. ആയതിനുള്ള സർവ്വെ നപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (സി) | അനധികൃതമായി പ്രസ്തുത സ്ഥലങ്ങൾ നികത്തിയവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | അനധികൃതമായി പുഴ സ്ഥലങ്ങൾ നികത്തിയ കക്ഷികൾക്ക് നിലവിൽ സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതാണ്. രാത്രി കാലങ്ങളിലാണ് പുഴ ഭൂമി അനധികൃതമായി നികത്തിവരുന്നത് എന്നതിനാൽ പോലീസ് പട്രോളിങ്ങ് ശക്തമാക്കി നടപടി സ്വീകരിക്കുന്നതിന് പാവറട്ടി സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ് . |

സെക്ഷൻ ഓഫീസർ